അദ്ദേഹം പറഞ്ഞ വാചകമാണ്. ഇതിൽ ലക്ഷക്കണക്കിന് രൂപ മുടക്കി പൂർത്തീകരിച്ചിട്ടുള്ള 4 പാലങ്ങളും അതുമായി ബന്ധപ്പെട്ട റോഡും പൂർണ്ണമായി പണികഴിപ്പിച്ചിട്ടുണ്ടെങ്കിലും ഇതിനിടയിലുള്ള പറയൻചേരി എന്നുപറയുന്ന ഒരു ചെറിയ പാലത്തിന്റെ പണി പൂർത്തിയാകാത്തതുമൂലം ഗവൺമെന്റ് മുടക്കിയിട്ടുള്ള ലക്ഷക്കണക്കിന് രൂപകൊണ്ട് ജനങ്ങൾക്ക് യാതൊരു പ്രയോജനവും ഇല്ലാത്ത സ്ഥിതിവിശേഷമാണ് ഇന്ന് നിലവിലുള്ളത്. കഴിഞ്ഞ രണ്ട് നിയമസഭാ സമ്മേളനകാലത്തും ഞാൻ ഉന്നയിച്ച ഒരു കാര്യമാണിത്. ലക്ഷക്കണക്കിന് രൂപ മുടക്കി പണികഴിപ്പിച്ചിട്ടുള്ള ഈ 4 പാലങ്ങളും അപ്രോച്ച് റോഡും പൂർണ്ണമായി ശരിയായിരിക്കുന്ന ഈ സാഹചര്യത്തിൽ ഇനിയുള്ള ചെറിയ പാലംകൂടി നിർമ്മിച്ച് ജനങ്ങൾക്ക് ഗതാഗതത്തിനുവേണ്ടി തുറന്നുകൊടുക്കണമെന്ന് ഡെപ്യൂട്ടി മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ) : സർ, ഈ പാലത്തിന്റെ കാര്യം ഗവൺമെന്റ് വളരെ ശ്രദ്ധയോടുകൂടിത്തന്നെ വീക്ഷിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാനുള്ള നടപടികളെല്ലാം എടുത്തിട്ടുണ്ട്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വെറും നൂറ് രൂപ മാത്രമേ വകകൊള്ളിച്ചിട്ടുണ്ടായിരുന്നുള്ളൂ. അതിന്റെ അടിസ്ഥാനത്തിലാണ് ഇക്കൊല്ലം പണി തുടങ്ങുവാൻ സാധിക്കാതെ വന്നത്. 15 ലക്ഷത്തിൽപ്പരം രൂപ ചെലവുവരുന്ന എസ്റ്റിമേറ്റ് ചീഫ് എൻജിനീയർ ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ട്. അതിന് ആവശ്യമായ തുക വരുന്ന ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുവാൻവേണ്ട നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബഡ്ജറ്റ് പാസ്സായശേഷം പാലത്തിന്റെ പണിയുമായി ഗവൺമെന്റ് മുന്നോട്ടു പോകുന്നതാണ്.

4. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സർ, നമ്മുടെ സംസ്ഥാനത്ത് ആർട്ടിസാൻസ് വിഭാഗത്തിൽ ഒട്ടേറെ ആളുകൾ തൊഴിലില്ലായ്മകൊണ്ട് വളരെയധികം കഷ്ടപ്പെടുന്നു. നിരന്തരമായി ഇവർ നടത്തിയ നിവേദനത്തിന്റെ ഫലമായി കേരളാ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ ഒരു കോർപ്പറേഷൻ ഈ അടുത്തകാലത്ത് രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് തൊഴിലവസരങ്ങൾ കൂടുതലായി ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളതാണ് ഈ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ലക്ഷ്യം. ആർട്ടിസാൻസ് വിഭാഗത്തിൽപെട്ട തൊഴിൽരഹിതരായ ആളുകളെ സംഘടിപ്പിച്ച് പല യൂണിറ്റുകളുണ്ടാക്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നുള്ളതാണ് ഈ കോർപ്പറേഷന്റെ പ്രധാനപ്പെട്ട കർമ്മപരിപാടി. എന്റെ അറിവ് ശരിയാണെങ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന് 1.5 ലക്ഷം രൂപ ഗ്രാന്റ് ആയും 1.5 ലക്ഷം രൂപ വായ്പയായും മാത്രമേ നൽകിയിട്ടുള്ളൂ. ഇത് ആ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിന് മാത്രമേ തികയൂ എന്നാണ് എന്റെ അറിവ്. കൂടുതൽ തുകകൾ നൽകി ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള യൂണിറ്റുകൾ ഫലപ്രദമായി നടത്തത്തക്ക ഒരു സംവിധാനം ഉണ്ടാക്കണം. അതിനാവശ്യമായിട്ടുള്ള തുക ഉദാരമായി നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം തന്നെ സംഘടിത തൊഴിലാളിക്ക് ഇന്ന് ലഭ്യമാകുന്ന ആനുകൂല്യങ്ങളും ഈ ആർട്ടിസാൻസ് വിഭാഗത്തിൽപ്പെട്ട തൊഴിലാളി വർഗ്ഗത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ അഹമ്മദ്) : സർ, ആർട്ടിസാൻസ് വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തെ ഉദ്ദേശിച്ചുകൊണ്ട് 50 ലക്ഷം രൂപ അംഗീകൃതമൂലധനത്തോടുകൂടിയാണ് കോർപ്പറേഷൻ രൂപീകരിച്ചത്. ഓഹരി വിഹിതമായി 15.64 ലക്ഷം രൂപയും വായ്പയായി 1.5 ലക്ഷം രൂപയും ഉൾപ്പെടെ 17.14 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. 10-12-1985-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി പ്രതിനിധികളുമായി ഇതിന്റെ മറ്റ് പരിപാടികളെ സംബന്ധിച്ചും ഇതിനെ ഊർജ്ജസ്വലമാക്കുന്നതിനെപ്പറ്റിയും ചർച്ചകൾ നടന്നു. അതനുസരിച്ച് കുറച്ചുകൂടി പണം ആർട്ടിസാൻസ് കോർപ്പറേഷനുവേണ്ടി നീക്കി വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. വരുന്ന സാമ്പത്തികവർഷം, ഏപ്രിലിൽതന്നെ 5 ലക്ഷം രൂപകൂടി കോർപ്പറേഷന് നൽകുന്നതാണ്. മറ്റ് പരമ്പരാഗതവ്യവസായ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ ഇവർക്കും നടപ്പിലാക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുവേണ്ടി തൊഴിൽവകുപ്പുമായി കൂടിയാലോചനകൾ നടത്തി വരുകയാണ്.

5. ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ചെല്ലാനം, കുമ്പളങ്ങി എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം വളരെ രൂക്ഷമായിരിക്കുകയാണ്. കൊച്ചി നഗരത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ പള്ളുരുത്തി ഉൾപ്പെടെയുള്ള മുഴുവൻ ഭാഗങ്ങളിലും കഴിഞ്ഞ രണ്ടുമൂന്നു മാസമായി ജലവിതരണം ആകെ മുടങ്ങിയിരിക്കുകയാണ്. കൊച്ചി രാജാവിന്റെ ഭരണകാലംമുതൽ ശുദ്ധജല വിതരണമുണ്ടായിരുന്ന മേഖലയാണ് ചെല്ലാനം. കഴിഞ്ഞവർഷം മുതൽ അവിടെ തീരെ ശുദ്ധജലം ലഭിക്കുന്നില്ല. ആളുകൾ വള്ളങ്ങളിലും മറ്റുമായി തെക്കോട്ട് ഘോഷയാത്രയായിപ്പോയി കണ്ണമാലി ഭാഗത്തുവരെ ചെന്നാൽ മാത്രമേ ഒരു കുടം വെള്ളം കിട്ടുകയുള്ളു. പൂർണ്ണമായും ഉപ്പുവെള്ളമുള്ള പ്രദേശമായതുകൊണ്ട് ലോക്കലായി ആ പ്രദേശത്ത് ഒരു തുള്ളി വെള്ളം പോലും ആർക്കും കിട്ടാനില്ലാത്ത സ്ഥിതിയാണുള്ളത്. അവിടെ വെള്ളത്തിന്റെ പ്രഷർ കുറഞ്ഞതുകൊണ്ടാണ് തെക്കോട്ട് വെള്ളം എത്താത്തത് എന്ന് ഡിപ്പാർട്ടുമെന്റ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കണ്ടകടവിൽ ബൂസ്റ്റർ പമ്പുവച്ച് അവിടെ ശുദ്ധജലം എത്തിക്കാൻ കഴിയുമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 25 000 ഉറുപ്പിക മുടക്കി ബൂസ്റ്റർ പമ്പ് വാങ്ങിച്ചുകഴിഞ്ഞിട്ട് 6 മാസമായി. ഇതേവരെ അത് ഓപ്പറേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ജലക്ഷാമം രൂക്ഷമായ ഈ പരിതഃസ്ഥിതിയിൽ ആ പ്രദേശത്ത് അത് ഇനിയും ഓപ്പറേറ്റ് ചെയ്യാതെ നീട്ടിക്കൊണ്ടുപോകുന്നതുകൊണ്ട് ജനങ്ങൾ കഷ്ടത അനുഭവിക്കുകയാണ്. അതുപോലെതന്നെ കുമ്പളങ്ങി പ്രദേശം പൂർണ്ണമായും ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലമാണ്. അവിടെ ശുദ്ധജലവിതരണം ഇതേവരെ ആരംഭിച്ചിട്ടില്ല. എന്നാൽ രണ്ടുകൊല്ലമായി 25 ലക്ഷം ഉറുപ്പികമുടക്കി പൈപ്പ് പൂർണ്ണമായി ഇട്ടുകഴിഞ്ഞ കണ്ണമാലിയിലെ പൈപ്പുലൈനുമായി കണക്ട് ചെയ്തുകൊടുത്താൽ കുമ്പളങ്ങിയിലും വെള്ളം കൊടുക്കാൻ കഴിയും. ഈ ബൂസ്റ്റർ പമ്പ് വച്ച് ആദ്യം കുറെ മണിക്കൂർ ചെല്ലാനത്തും ബാക്കി കുറെ മണിക്കൂർ കുമ്പളങ്ങിയിലേക്കും വെള്ളം കൊടുക്കാൻ തീരുമാനിച്ചാൽ ഈ രണ്ടു സ്ഥലത്തും ശുദ്ധജലക്ഷാമം

LIBRARY ARCHIVES Kerala Legislative Assembly